(സി) ഇല്ല

തുക ലക്ഷത്തിൽ

തരം	വകയിരുത്തൽ		ചെലവ്		ചെലവ് ശതമാനം	
	വികസന ഫണ്ട്	ആകെ അടങ്കൽ	വികസന ഫണ്ട്	ആകെ അടങ്കൽ	വികസന ഫണ്ട്	ആകെ അടങ്കൽ
ജില്ലാ പഞ്ചായത്ത്	4135.98	8852.77	3626.77	3743.13	87.69	42.28
ബ്ലോക്ക് പഞ്ചായത്ത്	10500.64	47353.35	10184.02	12817.28	96.98	27.07
ഗ്രാമ പഞ്ചായത്ത്	44799.46	76916.68	35602.09	39249.82	79.47	51.03

എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം

3213 ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ മുഖേന 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം എപ്രകാരമായിരുന്നു; മുൻ വർഷത്തെ ബാക്കിയും ബജറ്റ് വിഹിതവും ചേർത്ത് എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്; അതിന്റെ എത്ര ശതമാനം ചെലവഴിച്ചു;

(ബി) ഈ ഫണ്ടിന്റെ വിനിയോഗം 2006-07 മുതൽ 2011-12 വരെ എത്ര ശതമാനമായിരുന്നു;

(സി) ഫണ്ട് വിനിയോഗം കുറയാൻ കാരണമെന്താണെന്നാണ് വിലയിരുത്തുന്നത്;

(ഡി) ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.സി.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭ ബാക്കിയുൾപ്പെടെ 539.98 കോടി രൂപ ചെലവഴിക്കേണ്ടിയിരുന്നത് 69.9 ശതമാനം ആണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 543.97 കോടി രൂപ ലഭ്യമായതിൽ 62.54 ശതമാനം ആണ് ചെലവഴിച്ചത്. ടി.എസ്.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 79.96 കോടി രൂപ ലഭ്യമായതിൽ 65.27 ശതമാനം ഫണ്ടാണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 92.28 കോടി രൂപ ലഭ്യമായതിൽ 62.61 ശതമാനം തുകയാണ് ചെലവഴിച്ചത്.

(ബി) എസ്.സി.പി., റ്റി.എസ്.പി. ഫണ്ട് വിനിയോഗ ശതമാനം ചുവടെ ചേർക്കുന്നു:

വർഷം	എസ്.സി.പി.	റ്റി.എസ്.പി.
2006-07	85.65	84.65
2007-08	82.83	86.07
2008-09	65.49	74.06
2009-10	66.05	72.06
2010-11	54.89	65.18
2011-12	69.93	65.24

(സി) ഫണ്ട് വിനിയോഗത്തിന്റെ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ലഭ്യത കുറവ് ഒരു പരിധി വരെ ഫണ്ട് വിനിയോഗത്തെ ബാധിച്ചിട്ടുള്ളതായി കരുതുന്നു.

(ഡി) ഈ വർഷം ഡിസംബർ മാസമാകുമ്പോൾ 2013-14 വാർഷിക പദ്ധതി ചെലവുകൾ പൂർത്തീകരിക്കേണ്ടതും 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 2014-15, 2015-16 വർഷങ്ങളിലേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണെന്നും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly